

# വാർത്തകളും കുറിപ്പുകളും

**1. പുതിയ ഫാമിലി വോൾട്ട് ടവറിന്റെ കൂദാശ: ജനുവരി 5, വ്യാഴം**

പുനരുപയോഗം ചെയ്യാവുന്ന 187 പുതിയ കുടുംബ കല്ലറ സമുച്ചയത്തിന്റെ കൂദാശ, മഹായിടവക ബിഷപ്പ് ഡോ. മലയിൽ സാബു കോശി ചെറിയാന്റെ കാർമികത്വത്തിൽ 2023 ജനുവരി 5, വ്യാഴാഴ്ച വൈകിട്ട് നടത്തപ്പെട്ടു. കുറെ കാലമായി നാം ആശങ്കപ്പെട്ടിരുന്ന കല്ലറ പ്രതിസന്ധിക്ക് ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു പരിഹാരം സാദ്ധ്യമായിരിക്കുകയാണ്. ഫാമിലി വോൾട്ട് ടവറിന്റെ നിർമ്മാണം ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് മികവുറ്റ രീതിയിൽ പൂർത്തിയാക്കുന്ന ശ്രമകരമായ ജോലികൾക്ക് മുഴുവൻ സമയമേൽനോട്ടം വഹിച്ച കൈക്കാരന്മാർ, യഥാസമയം സാങ്കേതിക ഉപദേശങ്ങൾ നൽകി സഹായിച്ച ശ്രീ. കെ. സി. മത്തായിസാർ, ശ്രീ. ഏബ്രഹാം കോശി, ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

**2. 35 യുവജനങ്ങളുടെ സ്ഥിരീകരണ ശുശ്രൂഷ ജനുവരി 5, വ്യാഴം**

സ്ഥിരീകരണ ക്ലാസുകൾ പൂർത്തീകരിച്ച നമ്മുടെ 35 യുവജനങ്ങളുടെ സ്ഥിരീകരണ ശുശ്രൂഷ, ബിഷപ്പ് ഡോ. മലയിൽ സാബുകോശി ചെറിയാന്റെ കാർമ്മികത്വത്തിൽ ജനുവരി 5, വ്യാഴാഴ്ച വൈകുന്നേരം നമ്മുടെ ദൈവാലയത്തിൽവെച്ച് നടത്തി. സ്ഥിരീകരണ ക്ലാസുകൾ ഏറ്റവും കാര്യക്ഷമമായി കൈകാര്യം ചെയ്ത റവ. സാം മാത്യു റോയി അച്ചനെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും, സഭയുടെ പൂർണ അംഗത്വത്തിലേക്ക് പ്രവേശിച്ച എല്ലാ യുവജനങ്ങൾക്കും വേണ്ടി സഭാജനങ്ങൾ തുടർന്നും പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

**3. വാർഷിക കൺവൻഷൻ 2023: ജനുവരി 12–14**

ഈ വർഷത്തെ വാർഷിക കൺവൻഷൻ ജനുവരി 12 വ്യാഴാഴ്ച മുതൽ 14 ശനിയാഴ്ച വരെ ഏറ്റവും അനുഗ്രഹീതമായി നടത്തി. ഇതിന് വേണ്ടി പ്രത്യേക ഗായകസംഘത്തെ രൂപീകരിച്ചു. കമ്മിറ്റി അംഗങ്ങളായ ശ്രീ. ബിബിൻ ഹെസക്കിയേൽ, ശ്രീ. മാത്യു തോമസ് എന്നിവർ സംഗീത പരിശീലനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. അതിമനോഹരമായി ഗാനശുശ്രൂഷ നിർവ്വഹിച്ച ഗായകസംഘാംഗങ്ങളെ ദൈവം

അനുഗ്രഹിക്കട്ടെ. ജനുവരി 12 വ്യാഴാഴ്ചയിലെ സന്ധ്യായോഗം, 13 വെള്ളിയാഴ്ചയിലെ പകൽയോഗം, സന്ധ്യായോഗം എന്നിവയിൽ മാർത്തോമാ സഭയിലെ അനുഗ്രഹീത കൺവൻഷൻ പ്രാസംഗികൻ റവ. എം. സി. സാമുവൽ അച്ചനും, ജനുവരി 14 ശനിയാഴ്ചയിലെ സന്ധ്യായോഗത്തിൽ മല്ലപ്പള്ളി സി. എസ്. ഐ. ഇടവകവികാരി റവ. ഷാജി എം. ജോൺസൻ അച്ചനുമാണ് അനുഗ്രഹകരമായ വചനശുശ്രൂഷ നടത്തിയത്. കൺവൻഷൻ ജനറൽ കൺവീനർ ശ്രീ. ഡി. സോമൻ ജോൺ, കൺവീനർമാർ, ശ്രീമതി. കെ. എ. അച്ചാമ്മ, ശ്രീമതി ജോളി മത്തായി, ശ്രീമതി മറിയം ജേക്കബ്, ശ്രീ, ബിജു മാത്യു, ശ്രീ. മാത്യു തോമസ് (മനു), കൺവൻഷൻ പരിപാടികളുടെ അവതാരകൻ ആയി പ്രവർത്തിച്ച ശ്രീ. സജി സാം ജോർജ്ജ് എന്നിവരുടെ സേവനങ്ങൾക്കായി സഭയുടെ നന്ദിയും സ്നേഹവും അറിയിക്കട്ടെ.

**4. കുടുംബഞായർ ആരാധനയും കൂട്ടായ്മയും: ജനുവരി 15 ഞായർ**

കുടുംബഞായർ ആയി ആചരിച്ച ജനുവരി 15 ഞായർ ആരാധനകളിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് ഇരുന്ന് ആരാധിക്കുകയും ഒരുമിച്ച് തന്നെ വിശുദ്ധ സംസർഗ ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. കണ്ണമ്മൂല വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ഡേവിഡ് ജോയി അച്ചൻ ഇംഗ്ലീഷ്, മലയാളം ആരാധനകളിൽ വചന ശുശ്രൂഷ നടത്തി. തമിഴ്, ഇംഗ്ലീഷ് ആരാധന കഴിഞ്ഞ് പ്രഭാതഭക്ഷണവും, മലയാളം ആരാധന കഴിഞ്ഞ് ഉച്ചഭക്ഷണവും കുടുംബാംഗങ്ങൾ ഒരുമിച്ച് ആസ്വദിച്ചത് കുടുംബകൂട്ടായ്മയെ വേറിട്ട അനുഭവമാക്കി മാറ്റി.

**5. മഹായിടവകയുടെ ഹരിതദേവാലയ പുരസ്കാരം ക്രൈസ്റ്റ് ചർച്ചിന്**

മദ്ധ്യകേരള മഹായിടവകയുടെ പരിസ്ഥിതി വകുപ്പ് എല്ലാ വർഷവും നൽകിവരുന്ന ഹരിതദേവാലയം (ഗ്രീൻ പാരിഷ്) പുരസ്കാരം ഈ വർഷം നമ്മുടെ ദേവാലയത്തിന് ആദ്യമായി ലഭിച്ചു. മഹായിടവക ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 28 ശനിയാഴ്ച കോട്ടയത്ത് നടന്ന പരിസ്ഥിതി സമ്മേളനത്തിൽ ഇടവക വികാരി റവ. പി. കെ. ചാക്കോ അച്ചനും പള്ളിയുടെ തോട്ടക്കാരൻ ശ്രീ. റോയി ഡാനിയേലും ചേർന്ന് ബിഷപ്പിൽ നിന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

**6. ക്രിസ്തുമസ് ദീപാലാങ്കാരത്തിനുള്ള UCM ട്രോഫി ക്രൈസ്റ്റ് ചർച്ചിന്**

ഈ വർഷത്തെ, ഏറ്റവും മനോഹരമായി ക്രിസ്തുമസ് ദീപാലങ്കാരം ചെയ്തിട്ടുള്ള ദൈവാലയത്തിന് United Christian Movement

ഏർപ്പെടുത്തിയിട്ടുള്ള 'കയ്യാലയ്ക്കകത്ത്' റോളിംഗ് ട്രോഫി ക്രൈസ്റ്റ് ചർച്ചിന് ലഭിച്ചു. ഡിസംബർ 25-ന് നടന്ന UCM കരോൾ സർവീസിൽ വെച്ചാണ് ട്രോഫി ഏറ്റ് വാങ്ങിയത്.

**7. മാസവരിയും കുടിശികകളും മാർച്ച് 31, 5 മണിക്കകം തീർപ്പാക്കണം.**

ഈ വർഷം തെരഞ്ഞെടുപ്പ് വർഷംകൂടെ ആയതിനാൽ എല്ലാ സഭാംഗങ്ങളും ഈ സാമ്പത്തിക വർഷം ഉൾപ്പെടെയുള്ള മാസവരിയും ആദ്യഫല ലേലം, ടൈഡിംഗ്സ് എന്നിവയിൽ നൽകാനുള്ള എല്ലാ കുടിശികകളും 2023 മാർച്ച് 31, 5 മണിക്ക് മുമ്പായി തീർപ്പാക്കണം എന്ന് അറിയിക്കട്ടെ. ഫെബ്രുവരി 5 മുതൽ മാർച്ച് 31 വരെയുള്ള എല്ലാ ഞായറാഴ്ചകളിലും ആരാധന കഴിഞ്ഞ് പള്ളിയിലും, തിങ്കൾ മുതൽ ശനിവരെ ദേവസ്വം ബോർഡ് ജംഗ്ഷനിലെ ചർച്ച് ഓഫീസിലും പണം അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. വാർഷിക മാസവരി തുക മുഴുവനും, മറ്റെല്ലാ തുകകളും മാർച്ച് 31-ാം തീയതിയിലോ, അതിന് മുമ്പായോ കൊടുത്ത് തീർത്തിട്ടുള്ള അംഗങ്ങളെ മാത്രമേ സമ്മതിദായകരുടെ പട്ടികയിൽ ഉൾക്കൊള്ളിക്കാവൂ എന്നാണ് നമ്മുടെ ഭരണഘടന അനുശാസിക്കുന്നത് എന്ന് ഓർമ്മിപ്പിക്കട്ടെ.

ഈ സാമ്പത്തിക വർഷം ചെയ്ത് തീർക്കേണ്ട എല്ലാ കാര്യങ്ങളും നിവർത്തിക്കുവാൻ സർവ്വശക്തനായ ദൈവം കൃപ ചെയ്യട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**തോമസ് ബിജു മാത്യു**

ചർച്ച് സെക്രട്ടറി

**CHURCH DUES/MONTHLY SUBSCRIPTION : 2022-23**

Members who have not paid church subscription dues, Tidings advertisement fees, Harvest festival auction dues are requested to pay the same through the Green cover at church or at the Parsonage/ Nanthancode Office.

The dues may be paid online and intimated to us on e-mail: **office@csichristchurch.org or informed to the Treasurer/ Accountant**

**CHRIST CHURCH, TRIVANDRUM**
**SB: 13170100040167**

**Federal Bank, Nanthancode**
**IFSC: FDRL0001317**